# യൂണിറ്റ് – 1

# തിത്തിരി പക്ഷിയും കൂട്ടുകാരും

# ഗണിതം

## ഒന്നാം തരം

## 2024 – 25

തിത്തിരിക്കൂട്ടം അധ്യാപക കൂട്ടായ്മ ചൊക്ലി - തലശ്ശേരി സൗത്ത്

| പ്രവർത്തന വിശദാംശങ്ങൾ | പ്രതികരണം |
|---|---|

# ഗണിതം

പ്രവർത്തനം 1 --ചിത്രവായന

- സൗഹൃദ സംഭാഷണത്തിലൂടെ പാഠഭാഗത്തേക്ക് കടക്കണം.

ഓരോരുത്തരോടും അവരവരുടെ കൂട്ടുകാരെക്കുറിച്ച് ചോദിക്കുക. കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

- ❖ നമുക്ക് രണ്ട് കുട്ടുകാരെക്കൂടി പരിചയപ്പെട്ടാലോ?
- ❖ അമലും ഇമയും. അവരെ നിങ്ങൾക്കു കാണേണ്ടേ?
  ടെക്സ്റ്റ് ബുക്ക് പേജ് 8, 9 ലെ ചിത്രത്തിലേയ്ക്ക്.
- ❖ ഇമയെ തൊട്ടുകാണിക്കാമോ?
- ❖ ആരെയൊക്കെ കാണുന്നുണ്ട്? പശുവും കിടാവും, താറാവും കുഞ്ഞുങ്ങളും,
- ❖ വീടിന് അടുത്ത് നിൽക്കുന്നതാരാണ്?കൂടുതൽ കാര്യങ്ങൾ കുട്ടികൾ പറയട്ടെ.
- ❖ പൂക്കൾ കാണുന്നില്ലേ?
- ❖ നിങ്ങൾക്ക് ഇഷ്ടപ്പെട്ട പൂവ് തൊട്ടുകാണിക്കാമോ?
- ❖ തത്തമ്മ എവിടെയാണുള്ളത്?
- ❖ അവ എന്താണ് ചെയ്യുന്നത്?
- ❖ റോഡിൽ ഏതൊക്കെ വാഹനങ്ങളുണ്ട്?

- ❖ ഓട്ടോ ഓടിക്കുന്ന യുവതിക്ക് പേര് കൊടുക്കു?
- ❖ പക്ഷിയുടെ കൂട്ടിൽ എന്താണുള്ളത്?
- ❖ തെങ്ങിനെക്കാൾ ഉയരം കുറഞ്ഞ മരം തൊട്ടുകാണിക്കാമോ?
- ❖ മറ്റു കഥാപാത്രങ്ങൾക്ക് പേരുകൾ നൽകാമോ?
- ❖ ചിത്രത്തിൽ കൂടുതൽ ഉയരത്തിൽ പറക്കുന്ന തത്തയ്ക്ക് ചുറ്റും വട്ടം വരയ്ക്കാമോ?

ഉചിതമായ ചോദ്യങ്ങളിലൂടെ മറ്റു വസ്തുതകൾ ടീച്ചർ ബോധ്യപ്പെടുത്തണം.

- ❖ താറാവുകളെല്ലാം ഒരുപോലെയാണോ? അല്ല, വലുതുമുണ്ട്, ചെറുതുമുണ്ട്
- ❖ ആരാണ് വലുത്?

കുട്ടികൾ പ്രതികരിക്കുന്നു.

ടെക്സ്റ്റ് ബുക്ക് പേജ്,8, 9 ലെ ചിത്രത്തെ അടിസ്ഥാനമാക്കിയുള്ള ചിത്രവായനയ്ക്കു ശേഷം 'ഗണിതമിഠായി' ' വർക്ക് ഷീറ്റ് പേജ് 8, 9 ലെ ചിത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർ ത്തനങ്ങൾ നൽകാം. അകത്ത്/പുറത്ത്, മുകളിൽ/താഴെ, വലുത് /ചെറുത്, കൂടുതൽ / കുറവ് തുടങ്ങിയ പ്രാഗ് ഗണിത ആശയവുമായി ബന്ധപ്പെട്ട പ്രവർത്തനമാണ് ഇവിടെ നൽകേണ്ടത്.

ചിത്രവുമായി ബന്ധപ്പെട്ട് ചോദിക്കാവുന്ന ചോദ്യങ്ങൾ

പപ്പായ മരത്തിന്റെ മുകളിലിരിക്കുന്നതാരാണ്? താഴെ ഇരിക്കുന്നതോ?

✱വലിയ പപ്പായയ്ക്ക് ചുറ്റും വട്ടം വരയ്ക്കു.

ആരുടെ കൈയിലാണ് കുറവ് മാമ്പഴം ഉള്ളത്? ✓ അടയാളമിടൂ.

✱കുട്ടിയുടെ കൈയിലുള്ള ബലൂണിനാണോ തണ്ണിമത്തനാണോ ഭാരം കൂടുതൽ?

| | |
|---|---|
| അടയാളമിടു<br><br>വീട്ടിനകത്താരാണ്? ✓ അടയാളമിടു.<br><br>അമ്മയുടെ പിന്നിൽ നിൽക്കുന്ന കുട്ടിക്ക് ✓ അടയാളമിടു ചെറിയ ബോൾ ഏത്? ചുറ്റും വട്ടം വരയ്ക്കു<br><br>✱പെൺകുട്ടികളിൽ ആരുടെ മുടിയാണ് നീളം കൂടുതൽ?<br><br>അടയാളമിടൂ.<br><br>✱അച്ഛൻ മണ്ണുനിറയ്ക്കുകയാണ്. ഒഴിഞ്ഞ പാത്രത്തിന് ? അടയാളമിടൂ,<br><br>അകലെയുള്ള വീടിനുചുറ്റും വട്ടം വരയ്ക്കു. ഉയരം കുറഞ്ഞ മല തൊട്ടുകാണിക്കൂ.<br><br>ഇതുപോലെയുള്ള ചോദ്യങ്ങൾ ചോദിക്കുക. ഓരോ ചോദ്യത്തിനുശേഷം ശരിയായി പ്രതികരിച്ചവരെ കണ്ടെത്തുന്നു. അഭിനന്ദിക്കുന്നു.<br><br>✱നോട്ടുബുക്കിൽ ടീച്ചർ ഒരു പന്തിന്റെ ചിത്രം വരയ്ക്കുന്നു. അതിനേക്കാൾ വലിയ ഒരു പന്ത് കുട്ടിയോട് വരയ്ക്കാൻ നിർദേശിക്കുന്നു. അതുപോലെ ഉയരം കൂടിയ മരം, ഉയരം കുറഞ്ഞ മരം, ഉയരമുള്ള മല, ഉയരം കുറഞ്ഞ മല എന്നിവ നോട്ടുബു ക്കിൽ വരച്ച് നിറം നൽകാം.<br><br>☑ഗണിതമിഠായി പേജ് 10, 11-ലെ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. ടീച്ചർ വിലയിരുത്തുന്നു. കനം കൂടിയത്/കുറഞ്ഞത്, ഭാരം കൂടിയത്/ കുറഞ്ഞത്, അകലെ/അടുത്ത്, നീളം കൂടിയത്/കുറഞ്ഞത് എന്നീ പ്രാഗ് ഗണിത ശേഷിയാണ് ഇവിടെ വിലയിരുത്തേണ്ടത്.<br><br>✱ചിത്രത്തിലെ വീടുകളെക്കുറിച്ച് സംസാരിക്കുന്നു. ഉയരം കൂടിയ വീട്, ഉയരം കുറഞ്ഞ വീട് ഇവ തിരിച്ചറിയുന്നു. ഉയരം കൂടിയ വീടിന് റോസ് നിറം നൽകുന്നു. ഉയരം കുറഞ്ഞ വീടിന് മഞ്ഞ നിറം നൽകുന്നു. | |

| | |
|---|---|
| ☑കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. വിലയിരുത്തൽ നടത്തുന്നു.<br>✱മീനുവിന്റെ കൈയിലെ രണ്ട് പുസ്തകങ്ങൾ നോക്കൂ. രണ്ടും ഒരുപോലെയാണോ? ഒന്ന് കനം **(Thickness)** കുടിയതും മറ്റേത് കനം കുറഞ്ഞതും. സംഭാഷണത്തിന് ശേഷം മീനുവിന്റെ കൈയിലെ കനം കൂടിയ പുസ്തകത്തിന് ചുവപ്പുനിറം കൊടു ക്കുന്നു. കനം കുറഞ്ഞ പുസ്തകത്തിന് നീല നിറവും കൊടുക്കുന്നു.<br>നിറം കൊടുത്തതിനു ശേഷം  കുട്ടികൾ പരസ്പരം കൈമാറി പരിശോധിക്കുന്നു.<br>☑ടീച്ചർ വിലയിരുത്തുന്നു.<br>✱മാവിൽ ഉയരത്തിലുള്ള മാമ്പഴം പറിക്കാൻ നീളം കൂടിയ കമ്പ് വേണം എന്ന ധാരണ സ്വാഭാവിക സംഭാഷണത്തിലൂടെ കുട്ടിക്ക് കിട്ടണം. അതിനുശേഷം നീളം കൂടിയ കമ്പ് പിടിച്ച ആളുടെ ഉടുപ്പിന് ഓറഞ്ച് നിറവും നീളം കുറഞ്ഞ കമ്പ് പിടിച്ച ആളുടെ ഉടുപ്പിന് വയലറ്റ് നിറവും കൊടുക്കുന്നു.<br><br>☑ടീച്ചർ വിലയിരുത്തുന്നു.<br><br>* ✱വീട്ടിൽ നിന്ന് അകലെയുള്ള മരത്തിന്റെ ഇലകൾക്ക് മഞ്ഞനിറവും മരത്തടിക്ക് കറുപ്പ് നിറവും കൊടുക്കണം. വീടിനടുത്തുള്ള മരത്തിന്റെ ഇലകൾക്ക് പച്ചനിറ വും മരത്തടിക്ക് തവിട്ടുനിറവും കൊടുക്കൂ. വീടിനും നിറം നൽകട്ടെ.<br>ആടുകളിൽ വലിയ ആടിന് തവിട്ടു നിറവും ചെറിയ ആടിന് കറുപ്പ് നിറവും കൊടു ക്കുന്നു.<br>✱ മിലൻ കൈയിലുള്ള രണ്ട് വസ്തുക്കൾ താരതമ്യം ചെയ്ത് ഭാരം കുറഞ്ഞതും ഭാരം | |

| | |
|---|---|
| കൂടിയതും കണ്ടെത്തുന്നു. ഭാരം കൂടിയതിന് പച്ചനിറവും ഭാരം കുറഞ്ഞതിന് ചുവപ്പു നിറവും കൊടുക്കുന്നു.<br>☑ടീച്ചർ വിലയിരുത്തുന്നു.<br>• ഉയരം കൂടിയത്/ കുറഞ്ഞത്, കനം കൂടിയത്/കുറഞ്ഞത്, വലുത് ചെറുത്, അകലെ/ അടുത്ത്, ഭാരം കൂടിയത്/കുറഞ്ഞത്, നീളം കൂടിയത്/കുറഞ്ഞത് തുടങ്ങിയ പ്രാഗ് ഗണി താശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള ഒരു വർക്ക് ഷീറ്റായി പരിഗണിക്കണം. | |
| **<u>പ്രവർത്തനം 2</u>**<br>പുതിയ ഫോണുമായി ഗമയിൽ പറന്നു നടക്കുകയാണ് സുന്ദരിക്കാക്ക.<br>കൂട്ടുകാരെ വിളിക്കും, പാട്ടു കേൾക്കും, വീഡിയോകൾ കാണും.<br>അവളാകെ സന്തോഷത്തിലാണ്.<br><br>ഒരു ദിവസം മരക്കൊമ്പിലിരുന്ന് പാട്ടുകേൾക്കുകയായിരുന്നു അവൾ.<br>അപ്പോഴതാ...താഴെ നിന്നും ഒരു കരച്ചിൽ...<br>അത് കണ്ട സുന്ദരിക്കാക്ക ഫോൺ എടുത്ത് കൂട്ടുകാരെ വിളിച്ചു...<br>എന്തായിരിക്കും സുന്ദരിക്കാക്ക കണ്ടത്?<br>ടെക്സ്റ്റ് ബുക്കിലെ ആഖ്യാനവും (കുട്ടികൾ വായിക്കേണ്ടതില്ല)<br>.....കാ.. കാ... റത്ത് കാക്കകളുടെ ബഹളം...കിളിക്കുഞ്ഞ്)<br>ഇമയും അമലും വീടിനു മുന്നിൽ നിൽക്കുന്നു. അവരും എന്താ കണ്ട് നോക്കി നിൽക്കുകയാണ്.<br>എന്താണവർ കണ്ടത്?<br>‘‘മരപ്പൊത്തിൽ ഒരു കിളി‘ അത് പേടിച്ചിരിക്കുകയാണ്.<br>എന്തിനായിരിക്കും കിളി പേടിച്ചത്?<br>കാക്കകളെ കണ്ടിട്ടാണോ?<br>കുട്ടികളെ കണ്ടിട്ടാണോ?<br>തനിച്ചായിട്ടാണോ? | |

| | |
|---|---|
| കുട്ടികളുടെ പ്രതികരണം<br>പേജ് 11-ലെ സംഭാഷണം അവതരിപ്പിക്കണം.<br>ഇമ കിളിക്കുഞ്ഞിനെ കൈയിലെടുത്ത് വീട്ടിലേക്ക് കൊണ്ടുപോയി.<br>കുഞ്ഞിക്കിളിയുടെ പേരു മനസ്സിലായോ? ''തിത്തിരി''<br>ലാലിപ്പൂച്ച എവിടെയാണിരിക്കുന്നത്? പൂച്ച എന്തിനായിരിക്കും അവിടെ വന്നത്?<br>പൂച്ച എവിടെയാണ് ഉള്ളത്?<br>കിളിക്കുഞ്ഞോ? താഴെ<br>പൂച്ച മുകളിൽ കിളിക്കുഞ്ഞ് താഴെ.<br>പൂച്ചയെ ഓടിക്കാൻ വരുന്ന അമൽ, അവരുടെ സംഭാഷണം ടീച്ചർ വായിച്ചവതരിപ്പി ക്കുന്നു.<br>തിത്തിരിയെ കാണുന്നില്ല. എവിടെയാവും തിത്തിരി പോയിരിക്കുക?<br>അലമാരയുടെ മുകളിൽ ഇല്ല. കട്ടിലിന്റെ താഴെ ഉണ്ടോ?<br>സോഫയുടെ മുന്നിൽ ഉണ്ടോ? പിന്നിൽ ഉണ്ടോ?<br>ഇത്തരം സംസാരത്തിലൂടെ പ്രാഗ് ഗണിതാശയ ഗണിതാശയങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങ<br>ളാവാം.<br><br>മുകളിൽ/താഴെ, നീളം കൂടിയത്/കുറഞ്ഞത്, വലുത് ചെറുത്.<br>അവസാനം എവിടെ നിന്നാണ് കുഞ്ഞിക്കിളിയെ കണ്ടുകിട്ടിയത്?<br>കളിവീടിന്റെ അകത്ത്.<br>എനിക്ക് അമ്മയെ കാണണം. തിത്തിരി പറഞ്ഞു. അവർ കണ്ടുപിടിക്കാൻ തീരുമാനിച്ചു. സംഭാഷണം<br>ടീച്ചർ അവതരിപ്പിക്കുന്നു.<br>ഓരോരുത്തരോടും സംസാരിച്ചുകൊണ്ട് നടന്നുപോവുന്നു.<br>അമ്മപ്പൂച്ചയും കുഞ്ഞുങ്ങളും.<br>കുഞ്ഞുങ്ങളെ വിരൽതൊട്ടെണ്ണാൻ അവസരമുണ്ടാക്കണം.<br>സംഖ്യകളുടെ അവതരണം.<br>ഓരോന്നും എണ്ണി തിട്ടപ്പെടുത്തുന്ന രീതിയിലാണ് സംഖ്യകളുടെ അവതരണം.<br>'രണ്ട് ആണ് ആദ്യം അവതരിപ്പിക്കുന്നത്.<br>അമ്മപ്പൂച്ചയോടൊപ്പം രണ്ട് കുഞ്ഞുങ്ങൾ.<br>2 പൂച്ചക്കുട്ടികളുടെ കട്ടൗട്ട് ഉപയോഗിച്ച് (മൂർത്ത വസ്തുക്കൾ) | |

| | |
|---|---|
| രണ്ട് പൂച്ചക്കുട്ടികൾ എന്നു പറയുമ്പോൾ (ഭാഷാവസ്തുതകളായി)<br>രണ്ട് പൂച്ചക്കുട്ടികളെ വരച്ച്, വരച്ച പൂച്ചക്കുട്ടികളെ തൊട്ടെണ്ണി (ചിത്രീകരണം)<br>2 എന്ന Symbol ഉപയോഗിച്ച് എഴുതൽ<br>അമ്മപ്പശുവിന്റെ കൂടെ ഒരു പശുക്കുട്ടി.<br>പശുവിന് ഒരു കുഞ്ഞ്. പൂച്ചയ്ക്ക് രണ്ട് കുഞ്ഞുങ്ങൾ.<br>തുടർന്ന് അഞ്ച്, നാല്, മൂന്ന് എന്നിവ അവതരിപ്പിക്കണം.<br>ഒരു പശു, രണ്ടു പൂച്ചക്കുട്ടി, മൂന്ന് മുട്ട, നാല് കോഴിക്കുഞ്ഞ്, അഞ്ച് പട്ടിക്കുഞ്ഞുങ്ങൾ.<br><br>Experience Learning Picture Symbol<br>ELPS സാധ്യത ഉപയോഗപ്പെടുത്തി അവതരിപ്പിക്കണം.<br><br>✳ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് എന്നീ സംഖ്യകൾ ഉറപ്പിക്കുന്നതിനായി ജീവി കളുടെ കട്ടൗട്ട് മണൽത്തടത്തിലും ബിഗ് സ്ക്രീനിലും ചിത്രീകരിക്കണം.<br><br>തീപ്പെട്ടിക്കുടുകൾ മറ്റ് വസ്തുക്കൾ എന്നിവ ഇവിടെ ഉപയോഗപ്പെടുത്തണം. | |
| വർക്ക് ഷീറ്റ് 1<br><br>ടീച്ചർ ക്ലാസിൽ കുറുക്കന്റെയും കൊക്കിന്റെയും കഥ പറഞ്ഞുകൊടുക്കുന്നു. കുറു ക്കനും കൊക്കും ചങ്ങാതിമാരായിരുന്നു. ഒരിക്കൽ കുറുക്കൻ കൊക്കിനെ ഒരു വിരു ന്നിന് ക്ഷണിച്ചു. പരന്ന പാത്രത്തിൽ പായസമാണ് നൽകിയത്. കുറുക്കൻ വേഗത്തിൽ നക്കിക്കുടിച്ചു. കൂർത്ത കൊക്കുള്ള കൊക്കിന് കുടിക്കാനായില്ല. പിന്നീടൊരിക്കൽ കൊക്ക് കുറുക്കനെ ക്ഷണിച്ചു. വായ് വട്ടം കുറഞ്ഞ പാത്രത്തിലാണ് പായസം വിള മ്പിയത്. കുറുക്കനു കുടിക്കാനായില്ല. കഥയിലെ സന്ദർഭങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ട് പ്രവർത്തനം പൂർത്തീകരിക്കണം.<br><br>✓ നിറയെ/ ഒഴിഞ്ഞത് എന്നീ ആശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള പ്രവർത്തന മാണിത്. നിറയെ ഉള്ളതിന് ? അടയാളമിടണം. അതുപോലെ ഒഴിഞ്ഞ പാത്ര ത്തിനും / അടയാളമിടണം. ക്ലാസ് റൂമിൽ മറ്റു സന്ദർഭങ്ങൾ ഒരുക്കി ആശയം ഉറ പ്പിക്കണം. (കുപ്പി, ഗ്ലാസ്, പ്ലേറ്റ് എന്നിവ ഉപയോഗിച്ചുള്ള സന്ദർഭങ്ങൾ)<br>ടെക്സ്റ്റ് ബുക്ക് പേജ് 16-ലെ പ്രവർത്തനം. ചിത്രത്തിൽ ആരൊക്കെയാണുള്ളത്? ഓരോന്നും എണ്ണുന്നു അതിനുശേഷം സംഖ്യാചിഹ്നവുമായി പൊരുത്തപ്പെടുത്തി എഴുതുന്നു. മാതൃകനോക്കി താഴത്തെ കളത്തിൽ എഴുതുന്നു.<br><br>✓ചിത്രത്തിൽ ഓരോന്നും എത്ര എണ്ണമെന്ന് ചോദിച്ചുകൊണ്ട് സംഖ്യകൾ കുത്തുക ളിലൂടെ എഴുതട്ടെ.<br>✓ ടെക്സ്റ്റ് ബുക്കിൽ എഴുതിയ ശേഷം നോട്ട് ബുക്കിലും ചിത്രങ്ങൾ വരച്ചോ/ഒട്ടി ച്ചോ/പതിപ്പിച്ചോ ഓരോന്നിന്റെയും സംഖ്യകൂടി എഴുതട്ടെ. | |

## വർക്ക് ഷീറ്റ് 2

### വീട്ടുപകരണങ്ങൾ

❋ ചിത്രത്തിലെ വസ്തുക്കൾ എണ്ണുന്നു. ഓരോന്നും എത്രവീതം?

ചിത്രത്തിൽ എത്ര കപ്പുകളുണ്ട്?
അതേ എണ്ണം വരുന്ന സാധനങ്ങൾ ഏതാണ്?
കുട്ടികൾ ഉത്തരം പറയുന്നു. അവയ്ക്ക് ഒരേ നിറം നൽകണം.
എണ്ണങ്ങളെ പൊരുത്തപ്പെടുത്തുന്നതോടൊപ്പം അവയ്ക്ക് ഒരേ നിറവും നൽകണം.

❋ വിലയിരുത്തൽ
എണ്ണം കൃത്യതപ്പെടുത്തി നിറം നൽകിയിട്ടുണ്ട്. ഒരേ എണ്ണം വരുന്നവയ്ക്ക് ഒരേ നിറം

❋ കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നവ പരസ്പരം വിലയിരുത്തുന്നു. ടീച്ചർ വില യിരുത്തുന്നു. വർക്ക് ഷീറ്റിൽ സ്റ്റാർ ഒട്ടിച്ച് / വരച്ച് അഭിനന്ദിക്കുന്നു, ശരിയായി ചെയ്യാത്തവർക്ക് ആവശ്യമായ പിന്തുണ നൽകണം. വസ്തുക്കൾ ഉപയോഗിച്ച് വർക്ക് ഷീറ്റ് പൂർത്തിയാക്കാൻ സഹായിക്കുന്നു.

ടെക്സ്റ്റ് ബുക്ക് പേജ് 17 ലെ പാട്ട് താളത്തിൽ പാടിക്കൊടുക്കണം. കുട്ടികൾ സംഘമായി പാടി രസിക്കട്ടെ.

(താൾ-പേജ് എന്താണെന്ന് പരിചയപ്പെടുത്തണം)

ഒന്നാം താളിൽ എന്തുണ്ട്? പൂച്ച

എത്ര പൂച്ച ഉണ്ട്?

ഒന്ന്. ഒരു പൂച്ച.

ഒന്നെന്ന് എങ്ങനെ എഴുതും.

❋ 10 പേജുള്ള ഒരു കുഞ്ഞു പുസ്തകം. 3 എണ്ണം A4 ഷീറ്റ് എടുക്കുക. (A4ന്റെ പകു തിവലുപ്പം മതി) സ്റ്റാപ്ലർ അടിച്ചു തയ്യാറാക്കുന്നു. ഇടതുഭാഗത്ത് ഒരു ചിത്രം ഒട്ടിക്കുന്നു. വലതുഭാഗത്ത് 1 എന്ന് വലുതായി എഴുതുന്നു. 1 മുതൽ 5 വരെ യുള്ള സ്റ്റെൻസിൽ തയ്യാറാക്കി അതിനുള്ളിൽ ക്രയോൺ കൊണ്ട് നിറം കൊടുത്ത് സംഖ്യകൾ ചിത്ര പുസ്തകത്തിൽ രേഖപ്പെടുത്തട്ടെ. ഇതുപോലെ 5 വരെ തയ്യാറാക്കുന്നു. പോർട്ട് ഫോളിയോ ആക്കി

| | |
|---|---|
| മാറ്റുന്നു.<br><br>ഒന്നു മുതൽ അഞ്ചു വരെ എണ്ണം തിരിച്ചറിയുകയും അവയെ സംഖ്യയുടെ എഴുത്തുരൂപവുമായി<br><br>പൊരുത്തപ്പെടുത്തുകയും വേണം.<br><br>ഒന്നു മുതൽ അഞ്ചുവരെ സംഖ്യകൾ തിരിച്ചറിയാനും അത് എഴുതാനും കുട്ടിക്ക്<br><br>ചിത്രം ഒന്ന്<br><br>ഒന്ന് 1<br><br>ഇതേ രീതിയിൽ 2, 3, 4, 5 എന്നീ സംഖ്യകളുടെ എണ്ണവും എഴുത്തു രീതിയുമായി ബന്ധിപ്പിച്ച് എഴുതണം.<br>✱ വിരൽച്ചിത്രങ്ങൾ<br><br>✓ ടെക്സ്റ്റ് ബുക്ക് പേജ് 18-ലെ മാതൃകപോലെ വിരൽ, ചായത്തിൽ മുക്കി പതി പ്പിച്ച് ചിത്രങ്ങൾ ഉണ്ടാക്കുന്നു. തന്നിരിക്കുന്ന സംഖ്യകൾക്കനുസരിച്ച് വേണം വിരൽ പതിപ്പിക്കേണ്ടത്.<br><br>✓ പുഴുവിനെ വരച്ച് 2 2, 3, 4, 5 സംഖ്യകൾ ക്രമമായി എഴുതണം.<br><br>✓വ്യക്തിഗത വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ ഇവ നടത്തണം. അഭിനന്ദിക്കുന്നു. | |
| <u>പ്രവർത്തനം 3</u><br>കളികൾ<br><br>✱ നമ്പറുകളെഴുതിയ തീപ്പെട്ടിക്കൂടുകൾ (1 മുതൽ 5 വരെ)<br>തീപ്പെട്ടിക്കൂടിനുപുറത്തുള്ള സംഖ്യകൾക്ക് യോജിച്ച അത്രയും മഞ്ചാടികൾ/മുത്തു കൾ തീപ്പെട്ടിക്കുള്ളിൽ എണ്ണിയിടുന്നു.<br><br>**<u>എന്റെ ഗണിതസഞ്ചി</u>**<br><br>**മഞ്ചാടി, മുത്തുകൾ, ഈർക്കിൽകെട്ടുകൾ, കുപ്പിയുടെ അടപ്പുകൾ, പുളിങ്കുരു, സംഖ്യാകാർഡുകൾ, തീപ്പെട്ടിക്കൂടുകൾ തുടങ്ങിയവ ഗണിത സഞ്ചിയിന് മല്ലോ.** | |

| | |
|---|---|
| **✱ എണ്ണം പറയാം എടുത്തു വയ്ക്കാം**<br><br>• ടീച്ചർ ഒരു സംഖ്യ പറയുന്നു (ഉദാ: 5)<br>• കുട്ടി അത്രയും എണ്ണം മുത്തുകൾ സഞ്ചിയിൽ നിന്ന് മുന്നിൽ എടുത്തു വയ്ക്കുന്നു<br>• ശരിയാണോ എന്നു പരസ്പരം വിലയിരുത്തുന്നു<br>• സംഖ്യകൾ മാറ്റി പറഞ്ഞ് കളി തുടരാം. (സംഖ്യാബോധം)<br><br>**✱ ഊഹിക്കൽ കളി**<br><br>• രണ്ടുപേർ ഗ്രൂപ്പാകുന്നു<br>• 5 മഞ്ചാടികൾ കയ്യിൽ വയ്ക്കുന്നു<br><br>ഒരു കുട്ടി 5 മഞ്ചാടികൾ 2 കൈകളിലായി പിടിക്കുന്നു<br><br>• ഒരു കൈയിലെത്ര? അടച്ചു പിടിച്ച വലതു കൈനീട്ടി ചോദിക്കണം<br>• രണ്ടാമത്തെ കുട്ടി ഊഹിച്ചു പറയണം<br>• കൈ തുറന്ന് എണ്ണി നോക്കണം. തെറ്റോ ശരിയോ കണ്ടെത്തണം<br><br>✱ ഇനി - മറുകൈ നീട്ടി ചോദിക്കണം - ഇതിലെത്ര?<br><br>ഊഹിച്ചുപറയണം - തുറന്നു പിടിച്ച് എണ്ണി നോക്കി കണ്ടെത്തണം<br><br>5 ഈർക്കിൽ എടുത്ത് ഓരോരുത്തരും വീട് ഉണ്ടാക്കണം<br><br>3 4 1 2 5<br><br>5 സംഖ്യാകാർഡുകൾ<br><br>കാർഡുകളോട് അത്രയും എണ്ണം മുത്തുകൾ ചേർത്തുവയ്ക്കണം.<br><br>നോട്ടുബുക്കിൽ സംഖ്യാകാർഡ് വരയ്ക്കുന്നു. ഓരോന്നിനും യോജിച്ചവണ്ണം കുത്തുകൾ വരച്ചുചേർക്കുന്നു. | |
| | |

| ## 19 വർക്ക്ഷീറ്റ് 3<br><br>ലഡുകൊടുക്കാം<br><br>കുട്ടികളെ എണ്ണി നോക്കട്ടെ. അത്രയും എണ്ണം ലഡുവിന് മഞ്ഞനിറം കൊടുക്കട്ടെ. കൃത്യമായി കണ്ടെത്താൻ കഴിഞ്ഞവർ ആരൊക്കെ? ഒന്നിനോടൊന്നു പൊരുത്തപ്പെടു ത്തി കണ്ടെത്താൻ കഴിയില്ലേ?<br><br>കൂട്ടങ്ങളാക്കാം<br><br>• രണ്ടു കുടകൾ ഒരു വട്ടത്തിലാക്കാം. ആകെ കുടകൾ എണ്ണി നോക്കട്ടെ. രണ്ടെണ്ണം കണ്ടെത്തി ഒരു വട്ടത്തിലാക്കട്ടെ, ഇതുപോലെ മറ്റുള്ളവയും ചെയ്യട്ടെ. വട്ടത്തിലാ ക്കിയവയും പുറത്തുള്ളവയും ചേർത്ത് ആകെ നോട്ടുബുക്കിൽ എഴുതട്ടെ.<br>• മൂന്ന് ഉടുപ്പുകളെ ഒരു വട്ടത്തിലാക്കുക<br>• അഞ്ച് പന്തുകൾക്ക് നിറം നൽകാം.<br><br>പരസ്പരം വിലയിരുത്തട്ടെ. ടീച്ചറും വിലയിരുത്തണം 4.<br><br>• . മാജിക് - രഹസ്യം പറയാമോ?<br>ഒരു തീപ്പെട്ടിക്കൂടിൽ 5 മുത്തുകൾ ഇടുന്നു.<br>ടീച്ചർ കണ്ണടച്ച് തീപ്പെട്ടിക്കൂട് തുറന്ന് 2 മുത്ത് മാറ്റുന്നു<br>ക്ലാസിൽ ഒരു കുട്ടിയുടെ കൈയിൽ കൊടുക്കുന്നു<br>കുട്ടിയോട് തീപ്പെട്ടിക്കൂട് കുലുക്കാൻ ആവശ്യപ്പെടുന്നു<br>'അതിലെത്ര മുത്തുകൾ ഉണ്ടെന്ന് ഞാൻ പറയാം'<br><br>ടീച്ചർ '3' എന്ന് വിളിച്ചു പറയുന്നു. കുട്ടികൾ എണ്ണി നോക്കുന്നു - കണ്ടെത്തുന്നു. കളി ആവർത്തിക്കുന്നതിലൂടെ രഹസ്യം കുട്ടികൾ കണ്ടെത്തട്ടെ. അവരും മാജിക് ചെയ്യട്ടേ.<br><br>നോക്കൂ പറയൂ...<br><br>പാഠപുസ്തകം പേജ് 19 ലെ ചിത്രം, ഐ.സി.ടി.യുടെ സഹായത്തോടുകൂടി ക്ലാസിൽ വലുതായി പ്രദർശിപ്പിക്കുന്നു. ചിത്രത്തെ ആസ്പദമാക്കി എന്തൊക്കെ കാര്യങ്ങൾ പറയാം?<br><br>കോഴിക്ക് നാല് കുഞ്ഞുങ്ങളുണ്ട്. താറാവിന് 5 കുഞ്ഞുങ്ങളുണ്ട്. 3 പൂമ്പാറ്റകൾ പറ ക്കുന്നു. നീല താറാവിനെക്കാൾ വലുതാണ് മഞ്ഞ താറാവ്. മഞ്ഞ താറാവിന്റെ പിന്നിൽ 3 കുഞ്ഞുങ്ങൾ, മുന്നിൽ 2 കുഞ്ഞുങ്ങൾ. താറാവിൻ കുഞ്ഞുങ്ങളെക്കാൾ കുറവാണ് കോഴിക്കുഞ്ഞുങ്ങൾ. വസ്തുതകൾ ഉൾക്കൊള്ളിക്കാൻ ടീച്ചർ ശ്രദ്ധിക്കണം. | |
|---|---|

പറയുന്ന കാര്യത്തിൽ ഗണിത വലുത്/ചെറുത്, റിയ ഇല്ലഞാഠ ഗല്ലഞഅഘലഅ വലുത് ചെറുത്, ചെറിയ കൂട്ടം/വലിയ കൂട്ടം, കൂടുതൽ, കുറവ് തുടങ്ങിയവ.

## * കൂട്ടം കൂട്ടിയാൽ

മണൽത്തടത്തിൽ താറാവും കുഞ്ഞുങ്ങളും ചിത്രീകരിക്കുന്നു.

അമ്മത്താറാവിന്റെ മുന്നിൽ 2 കുഞ്ഞ്
പിന്നിൽ 3 കുഞ്ഞ്

2 ഉം 3 ഉം 5

മണൽത്തടത്തിൽ മാറ്റി ചിത്രീകരിക്കുന്നു.

2 1 2

മുന്നിൽ 2 കുഞ്ഞ്, ഒപ്പം 1 പിന്നിൽ , 2 കുഞ്ഞ്,

2 ഉം 1 ഉം 2 ഉം 5

✱ അമലും ഇമയും തിത്തിരിയും നടന്നുനടന്ന് പൂന്തോട്ടത്തിൽ എത്തി. പൂന്തോട്ട ത്തിൽ പല നിറത്തിലുള്ള പൂക്കൾ കണ്ടു. ഐ.സി.ടി.യുടെ സഹായത്തോടെ ചി ത്രീകരിക്കുന്നു. പൂക്കളുടെ എണ്ണം ഓരോന്നും എത്രവീതം എണ്ണി പറയുന്നു. പാ ഠപുസ്തകത്തിൽ രേഖപ്പെടുത്തുന്നു.

- പാടി രസിക്കാം....

ടീച്ചർ പാട്ട് പാടിക്കൊടുക്കുന്നു. (ചന്തത്തിൽ ചോപ്പുള്ള ചെമ്പരത്തി ഒന്ന്)

കുട്ടികൾ ചേർന്നു പാടുന്നു. വരികൾ പാടിക്കൊണ്ട് പാഠപുസ്തകത്തിൽ എണ്ണം രേ ഖപ്പെടുത്തുന്നു. ടീച്ചർ വിലയിരുത്തുന്നു. നേരത്തെ തയ്യാറാക്കിയ രീതിയിലുള്ള കുഞ്ഞുപുസ്തകത്തിൽ പൂക്കളുടെ ചിത്രം വരച്ച്/ഒട്ടിച്ച് വലത്തെ പേജിൽ സംഖ്യ വലുതായി എഴുതിച്ചേർക്കട്ടെ. പോർട്ട് ഫോളിയോ ആക്കി മാറ്റാം.

## വർക്ക് ഷീറ്റ് 5

### പല്ലുകൾ വരയ്ക്കൂ

കുട്ടിക്ക് പല്ലുകൾ വരയ്ക്കട്ടെ. മുകളിലെത്ര പല്ലുകൾ? താഴെയോ? എഴുതൂ.

വണ്ടിന് പുള്ളിയിടാം. രണ്ടു ചിറകുകളിലും കൂടി 5 വട്ടങ്ങൾ വരയ്ക്കണം. ഓരോ ചിത്ര ത്തിലും വരച്ച എണ്ണം എഴുതട്ടെ.
പ്രവർത്തനം വേഗത്തിൽ പൂർത്തിയാക്കിയവർ ആരൊക്കെ?
ടീച്ചർ വിലയിരുത്തുന്നു.
നോട്ട് ബുക്കിൽ 5 വണ്ടിന്റെ ചിത്രം വരച്ച് പുള്ളികൾ വരച്ച് പുള്ളികൾ ഇട്ട് സംഖ്യ എഴുതട്ടെ.

## * കളിക്കൂട്ടുകാർ

ഇമയുടെയും അമലിന്റെയും കൂട്ടുകാരാണ് റയാനും ആവണിയും. തിത്തിരിയെ കാണാൻ റയാനും ആവണിയും എത്തി. റയാന് കാണാനാവില്ല. റയാൻ തിത്തിരിയെ തൊട്ടുനോക്കുന്നു. 'നല്ല മിനുസം' റയാൻ പറഞ്ഞു. റയാൻ കാഴ്ച പരിമിതിയുള്ള കുട്ടിയാണ്. ഭിന്നശേഷി സൗഹൃദക്ലാസ് റൂമിന്റെ സാധ്യതകൾ ടീച്ചർ പ്രയോജനപ്പെടു ത്തണം.

✱ ക്ലാസിൽ വ്യത്യസ്ത തരത്തിലുള്ള കളിപ്പാട്ടങ്ങൾ കൊണ്ടുവന്ന് ഒരേ പോലുള്ളവ/ ഒരേ തരത്തിലുള്ളവ തരം തിരിച്ചു വെക്കാനുള്ള പ്രവർത്തനം നൽകുന്നു. അവ ഓരോന്നും എത്ര വീതമുണ്ടെന്ന് കണ്ടെത്തട്ടെ (ഓരോന്നും 5 ൽ താഴെ എണ്ണം ക്രമീകരിക്കണം)

അമൽ കളിപ്പാട്ടങ്ങൾ കൊണ്ടുവന്നു. അമലും ഇമയും റയാനും ആവണിയും കളിപ്പാട്ട ങ്ങളുമായി കളിച്ചു. അവർ കളിപ്പാട്ടങ്ങളിൽ ഒരേ പോലുള്ളവയെ കുട്ടങ്ങളാക്കി.

● കുട്ടികൾ പാഠപുസ്തകത്തിലെ കളിപ്പാട്ടങ്ങൾ എണ്ണുന്നു.

ഓരോന്നും എത്രവീതം? കുട്ടികൾ കണ്ടെത്തുന്നു.

ഒരേ എണ്ണമുള്ള കളിപ്പാട്ടങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുന്നു.
പമ്പരം, വിസിൽ, റോബോട്ട്, കളിവണ്ടി, ബാറ്റ്, പന്ത്, ചെണ്ട ഇവയുടെ എണ്ണം എണ്ണി എഴുതുന്നു.

| | |
|---|---|
| ഇനി എണ്ണാനുള്ളത് ഏത് കളിപ്പാട്ടം? (പാവ)<br><br>കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു. എഴുതുന്നു. എത്രയെണ്ണം? എഴുതുന്നു. എല്ലാവരും ഒരേ എണ്ണമാണോ എഴുതിയത്?<br>ടീച്ചർ വിലയിരുത്തുന്നു. | |
| **<u>വർക്ക്ഷീറ്റ് 6</u>**<br><br>കലാപ്രവൃത്തിപരിചയ പ്രവർത്തനങ്ങളെ ഗണിതവുമായി ഉദ്ഗ്രഥിക്കുന്നതിനുള്ള സാധ്യതയാണിത്. ചിത്രത്തിലെ തണ്ടുകളിൽ ഇലകൾ മുറിച്ച് ഒട്ടിച്ചുചേർക്കട്ടെ. (ഗണിതമിഠായി പേജ് 53 ൽ നിന്നും മുറിച്ചെടുക്കണം) വെണ്ടയ്ക്കു മുറിച്ച് ചായത്തിൽ മുക്കി പതിപ്പിച്ച് പൂക്കൾ ഉണ്ടാക്കട്ടെ. ഒട്ടിച്ച ഇലകൾ, പൂമ്പാറ്റകൾ, പൂക്കൾ എന്നിവയുടെ എണ്ണം എഴുതട്ടെ.<br><br>*** തൊട്ടുനോക്കി എഴുതാം**<br><br>• 2 എന്ന് എങ്ങനെയെഴുതും? ഇമ ഒരു കാർഡെടുത്ത് റയാന് കൊടുത്തു. റയാൻ മണൽക്കടലാസിലൂടെ വിരലോടിച്ചു...<br><br>മണൽക്കടലാസിൽ വെട്ടിയെടുത്ത 1 മുതൽ 5 വരെയുള്ള സംഖ്യാകാർഡുകൾ തയ്യാ റാക്കുക. റയാന് 1 എന്ന് എങ്ങനെയാണ് എഴുതേണ്ടത് എന്നറിയില്ല. നിങ്ങൾക്ക് പറ ഞ്ഞുകൊടുക്കാമോ? ഇമ റയാന് ഒരു പാട്ടുപാടിക്കൊടുത്തു. നമുക്കും പാടിയാലോ? ടീച്ചറും കുട്ടികളും ചേർന്ന് പാട്ടുപാടുന്നു. (ഒന്നെന്നെങ്ങനെ എഴുതാം)<br><br>മണൽക്കടലാസിൽ തയ്യാറാക്കിയ സംഖ്യാകാർഡുകളിലൂടെ വിരൽ ഓടിക്കുന്ന അനുഭവം കുട്ടികൾക്ക് നൽകിയാലോ? സംഖ്യകൾ തൊട്ടറിയുന്ന അനുഭവം കുട്ടി കൾക്ക് രസകരമായിരിക്കില്ലേ? സജീവമായ ഒരു ക്ലാസ് റൂം പ്രവർത്തനമായി ഇതിനെ മാറ്റിയെടുക്കാം. | |

കളികഴിഞ്ഞ് റയാനും ആവണിയും വീട്ടിലേക്ക് മടങ്ങി. അപ്പോഴാണ് ഇമയും അമലും വീടിന്റെ പുറത്ത് നിന്ന് ഒരു കിളിയുടെ കരച്ചിൽ കേട്ടത്. അവർ മുറ്റത്തുചെന്നുനോക്കി തിത്തിരിക്കിളിയുടെ അമ്മയായിരുന്നു അത്. ഇമയും അമലും തിത്തിരിക്ക് അമ്മയെ കാണിച്ചുകൊടുത്തു. കൂട്ടുകാരോട് റ്റാ...റ്റാ... പറഞ്ഞ് തിത്തിരി അമ്മയോടൊപ്പം പോയി.

## <u>ഇലകൾ വരയ്ക്കു</u>

.*പൂവിലെ സംഖ്യയുടെ അത്രയും എണ്ണം ഇലകൾ വരച്ചുചേർക്കുന്നു. ഇലകളുടെ എണ്ണവും സംഖ്യയും പൊരുത്തപ്പെടുത്തുന്നു. പരസ്പര വിലയിരുത്തൽ ടീച്ചർ വില യിരുത്തൽ എന്നിവയ്ക്ക് സാധ്യത.

*ചിത്രത്തിൽ ഒരേ എണ്ണമുള്ള കൊക്കുകളുടെ കൂട്ടം കണ്ടുപിടിക്കുന്നു. വരച്ചുയോജി പ്പിക്കുന്നു. വിലയിരുത്തുന്നു.

## <u>നിറം കൊടുക്കാം</u>

*കളത്തിലെ എണ്ണവും നിറവും നോക്കി അതേ എണ്ണംവരുന്ന കിളികൾക്ക് നിറം നൽകുന്നു. ഏത് നിറമുള്ളതാണ് കൂടുതൽ? എത്ര? വലിയ സംഖ്യയിൽ നിന്ന് ചെറിയ സംഖ്യയിലേക്ക് ക്രമമായി എഴുതട്ടെ. ശേഷി വിലയിരുത്തുന്നതിനുള്ള ഒരു പ്രവർത്തനമായി ഇത് കാണണം.

ഈ യൂണിറ്റിനുശേഷം വിലയിരുത്തേണ്ട ഗണിതാശയങ്ങൾ

- പ്രാഗ് ഗണിതാശയങ്ങൾ
- ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണം എണ്ണിയെടുക്കാൻ കഴിയും
- . വസ്തുക്കളുടെ എണ്ണത്തിനുതുല്യമായ ചിത്രങ്ങൾ വരയ്ക്കാനും തിരിച്ചറിയാനും കഴിയും. ഞഅ
- വലിയ കൂട്ടം, ചെറിയ കൂട്ടം തിരിച്ചറിയാൻ കഴിയും.
- വസ്തുക്കളുടെയും ചിത്രങ്ങളുടെയും കൂട്ടത്തെ സംഖ്യയുമായി പൊരുത്തപ്പെ ടുത്താൻ കഴിയും.
- ഒന്നു മുതൽ അഞ്ച് വരെ തുടർച്ചയായി എഴുതാൻ കഴിയും.
- 5-നെ വ്യത്യസ്ത കൂട്ടങ്ങളാക്കാൻ കഴിയും.

## അമ്മമാരുടെ ശില്പശാല

അമ്മമാരുടെ ശില്പശാല പ്രവേശനോത്സവത്തിന് മുമ്പായി സംഘടിപ്പിക്കാം. വ്യ ത്യസ്ത പഠനോപകരണങ്ങളുടെ നിർമാണമാണ് ഉദ്ദേശിക്കുന്നത്.

- . തീപ്പെട്ടിക്കൂടുകൾ ഓരോരുത്തർക്കും 5 എണ്ണം വീതം. അവയെ നിറമുള്ള കട ലാസുകൊണ്ട് പൊതിയണം. ഒരു വശത്ത് 1, 2, 3, 4, 5 എന്നീ രേഖപ്പെടുത്ത ണം. മറുവശത്ത്, ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് എന്നും എഴുതണം. കുട്ടി കൾ പുറത്തെഴുതിയ എണ്ണം മഞ്ചാടികൾ ഓരോ തീപ്പെട്ടികളിലും നിറയ്ക്കണം. പരസ്പരവും ടീച്ചറും വിലയിരുത്തണം.

## ഡൈസ് നിർമാണം

പോസ്റ്റ് ബോക്സ് സമചതുരാകൃതിയിൽ • പേസ്റ്റ് ബോക്സ് സമചതുരാകൃതിയിൽ മുറിച്ചെടുത്ത് 6 വശങ്ങളും അടയുന്ന വിധം തിരിച്ചും മറിച്ചും ക്രമീകരിക്കണം. തുടർന്ന് അത് കടലാസ് കൊണ്ട് പൊതിയുക. ഒന്നിൽ ഓരോ വശത്തും കുത്തുകൾ വരയ്ക്കണം. 5 വരെ മതി. ഒരു വശം ഒഴിച്ചിട്ടാൽ മതി. മറ്റൊരു ഡൈസിൽ 1 മുതൽ 5 വരെ അക്കത്തി ലെഴുതണം. കുത്തുകളും സംഖ്യയുമായി പൊരുത്തപ്പെടുത്തണം.

### സംഖ്യാകാർഡുകൾ

• ഒരേ വലുപ്പത്തിൽ കാർഡുകൾ ചാർട്ടുപേപ്പറിൽ മുറിച്ചെടുക്കുക. അവയിൽ സംഖ്യകൾ എഴുതുക. മറുവശത്ത് അക്ഷരത്തിൽ എഴുതുക.

## ചിത്രപുസ്തകം

മൂന്ന് എ 4 ഷീറ്റുകൾ എടുത്ത് വിലങ്ങനെ പകുതിയായി മുറിക്കുക. ഇതുകൊ ണ്ട് 2 പുസ്തകം തയ്യാറാക്കാം. ഒരു പകുതി എടുത്ത് രണ്ടായി മടക്കി സ്റ്റാപ്ലർ അടഞ്ഞ ഭാഗത്ത് അടിച്ചാൽ പുസ്തകം റെഡിയായി. മുൻ കവറിലും പിൻകവ റിലും ചിത്രങ്ങൾ വരച്ചോ ഒട്ടിച്ചോ ഭംഗിയാക്കാം. 'ഒന്നാം താളിൽ എന്തുണ്ട ന്ന്' പാട്ടിൽ നിർദേശിച്ച ചിത്രങ്ങൾ ഒട്ടിച്ചോ വരച്ചോ ചിത്രപുസ്തകം രൂപിക രിക്കാം. 'ചന്തത്തിൽ ചോപ്പുള്ള ചെമ്പരത്തി' എന്ന പാട്ടിന് മറ്റൊരു പുസ്തകം തയ്യാറാക്കാം.